# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ വിജിലൻസ് പരിശോധന - മൂന്നാംതരം ഓവർസിയർ ശ്രീ. ലിജിൻ. എഫ്-നെ അന്വേഷണ വിധേയമായി വേലവിലക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 04.02.2019-ലെ ഇ-മെയിൽ സന്ദേശം

2) V&ACB, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 04.02.2019-ലെ VC No. 01/2019/PKD നമ്പർ കത്ത്

## ഉത്തരവ് നം. ഇ15-1553/2019/സിഇ/തസ്വഭവ തീയതി 04.02.2019

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ മൂന്നാംതരം ഓവർസിയറായ ശ്രീ. ലിജിൻ. എഫ്-നെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് VC 1/2019/PKD dated 02.02.2019 U/S 7, 7-A of PC Act 1988 പ്രകാരമുള്ള കേസിൽ ചെർപ്പുളശ്ശേരി മുനിസിപ്പൽ ഓഫീസ് പരിസരത്ത് പാർക്ക് ചെയ്തിരുന്ന പരാതിക്കാരന്റെ കാറിൽ നിന്നും ₹ 4,000/- രൂപ ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിനായി പരാതിക്കാരനിൽ നിന്നും കൈക്കൂലിയായി വാങ്ങുന്ന വേളയിൽ വിജിലൻസ് അറസ്റ്റ് ചെയ്യുകയും, 03.02.2019-ന് തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്-ന്റെ കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുള്ളതായി മേൽ പരാമർശങ്ങൾ പ്രകാരം അറിയിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ മൂന്നാംതരം ഓവർസിയറായ ശ്രീ. ലിജിൻ. എഫ്-നെ 1960-ലെ KCS (CC & A) ചട്ടങ്ങളിലെ ചട്ടം 10(1) (എ) പ്രകാരം അന്വേഷണവിധേയമായി സർക്കാർ സേവനത്തിൽ നിന്നും 02.02.2019 തീയതി അറസ്റ്റ് രേഖപ്പെടുത്തിയ സമയം മുതൽ പ്രാബല്യത്തിൽ വേലവിലക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വേലവിലക്ക് കാലയളവിൽ ടിയാന് കേരള സർവീസ് റൂൾസ് 54-55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

ശ്രീ. ലിജിൻ. എഫ്
മൂന്നാംതരം ഓവർസിയർ
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി
പാലക്കാട്
(അസി. എഞ്ചിനീയർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി മുഖേന)

പകർപ്പ് :

1) അഡീഷണൽ ചീഫ് സെക്രട്ടറി, തസ്വഭവ, തിരുവനന്തപുരം (with C/L)
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല, കോഴിക്കോട്
3) അസി. എഞ്ചിനീയർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി
4) ഇ6 സെക്ഷൻ / കരുതൽ ഫയൽ